(ii) ഗ്രാമപ്രദേശങ്ങളിലെ ആസ്തികളുടെ ഉത്പാദനക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ മാതൃകാ പ്രവർത്തനങ്ങളും നൂതന സാങ്കേതിക വിദ്യകളും സംബന്ധിച്ച വിവരങ്ങൾ നൽകുക.

(iii) പൊതുജനങ്ങൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ ഓഫീസിലും സഹായകരമായ രീതിയിൽ വിവര സാങ്കേതിക വിദ്യയിലൂടെ സേവനങ്ങൾ ലഭ്യമാക്കുക.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമമനുസരിച്ച് ലഭ്യമാക്കേണ്ട അവകാശങ്ങളും സേവനങ്ങളും ഉറപ്പാക്കുന്നതിനുതകുന്ന വേദിയായി ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കായി തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ നൽകൽ, മസ്റ്റർ റോളുകളുടെ പരിശോധന, പരാതി സമർപ്പിക്കൽ, വിവര സാങ്കേതിക സംവിധാനങ്ങളുടെ പ്രയോജനം ലഭ്യമാക്കൽ എന്നിവ സേവാ കേന്ദ്രങ്ങൾവഴി ഏറ്റെടുക്കാം. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം, മീറ്റിംഗുകൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കൽ, വിവര സാങ്കേതിക സൗകര്യങ്ങൾ സജ്ജമാക്കൽ, ഓഫീസ് റിക്കാർഡുകൾ സൂക്ഷിക്കൽ, പരാതി പരിഹാര സംവിധാനം, ഗ്രാമതലത്തിൽ സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പിന്തുണാ സംവിധാനം, പരിശീലനങ്ങൾ സംഘടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങളും രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങൾവഴി നിർവ്വഹിക്കുന്നതാണ്.

ഇന്ദിരാ ആവാസ് യോജന

37 (2669) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാ ആവാസ് യോജനാ പദ്ധതിയിൽ 2013-14-ൽ സംസ്ഥാനത്ത് ആകെ എത്ര ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) 2013-14 പദ്ധതി പ്രകാരം വിവിധ വിഭാഗങ്ങളിലെ ഓരോ ഗുണഭോക്താവിനും നിശ്ചയിക്കപ്പെട്ട ധനസഹായം എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2013-14-ലെ പദ്ധതി നടപ്പിലാക്കുവാൻ ആകെ എത്ര ഇക ലഭ്യമാക്കേണ്ട തുണ്ടായിരുന്നു ;

(ഡി) 2013-14-ൽ ആകെ എത്ര സാമ്പത്തിക സഹായം അനുവദിക്കുകയുണ്ടായി ;

(ഇ) 2013-14-ലെ പദ്ധതിയിൽ ഉൾപ്പെട്ട എത്ര വീടുകൾ പൂർത്തീകരിക്കുക യുണ്ടായി ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്ത് പട്ടികജാതി, ജനറൽ വിഭാഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2.5 ലക്ഷം രൂപയുമാണ്.

(സി) 2013-14-ലെ ഐ.എ.വൈ. നടപ്പിലാക്കുവാൻ ആകെ 33297.27 ലക്ഷം രൂപ ലഭ്യമാക്കേണ്ടതുണ്ടായിരുന്നു.

(ഡി) 2013-14-ൽ 30168.03 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

(ഇ) 2013-14-ൽ 32356 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഇന്ദിരാ ആവാസ് യോജന

38 (2670) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാ ആവാസ് യോജനയിൽ 2014-15-ൽ സംസ്ഥാനത്ത് ആകെ എത്ര ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വിവ വിഭാഗങ്ങളിലെ ഓരോ ഗുണഭോക്താ വിനും നിശ്ചയിക്കപ്പെട്ട ധനസഹായം എത്രയാണ് ;

(സി) പദ്ധതി പൂർത്തീകരിക്കുവാൻ ആകെ എത്ര ഇക ലഭ്യമാക്കേണ്ടതു ണ്ടായിരുന്നു ;

(ഡി) പദ്ധതിക്ക് ആകെ എത്ര സാമ്പത്തിക സഹായം അനുവദിക്കുകയുണ്ടായി ;

(ഇ) പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly